"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ആലപ്പുഴ ജില്ലയിലെ കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്**

G.O.(Rt)No.3671/2022/RD തീയതി,തിരുവനന്തപുരം, 30-08-2022

---

പരാമർശം:- 1. സ.ഉ. (കൈ) നം. 203/2021/റ.വ., തീയതി, 22.10.2021.

2. സ.ഉ. (സാധാ) നം. 305/2022/റവ., തീയതി, 18.01.2022.

3. സ.ഉ. (സാധാ) നം. 487/2022/റവ, തീയതി, 03.02.2022.

4. സ.ഉ. (സാധാ) നം. 818/2022/റവ, തീയതി, 22.02.2022.

5. സ.ഉ. (സാധാ) നം. 1332/2022/റവ, തീയതി, 24.03.2022.

6. സ.ഉ. (സാധാ) നം. 2137/2022/റവ, തീയതി, 11.05.2022.

7. സ.ഉ. (സാധാ) നം. 2233/2022/റവ, തീയതി, 19.05.2022.

8. സ.ഉ. (സാധാ) നം. 2757/2022/റവ., തീയതി, 24.06.2022.

9. ലാന്റ് റവന്യൂ കമ്മീഷണറുടെ 05.08.2022-ലെ LR-4401/2021/LR(H1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് പ്രതിമാസം 5,000/- രൂപ വീതം ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) ആയി, ആദ്യ സമാശ്വാസം ലഭിക്കുന്ന മാസം മുതൽ 3 വർഷ കാലയളവിലേക്ക് (36 മാസം) വ്യവസ്ഥകൾക്ക് അനുസൃതമായി ധനസഹായം നൽകുന്നതിന് പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (2), (3), (4), (5), (6), (7), (8) എന്നീ ഉത്തരവുകൾ പ്രകാരം കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ആലപ്പുഴ ജില്ലക്ക് 29,55,000/- രൂപ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന BPL വിഭാഗത്തിലുള്ളവർക്കുള്ള കോവിഡ് ധനസഹായം ഒന്നാം ഗഡു 580 പേർക്ക് 5,000/- രൂപ വീതം 29,00,000/- രൂപ ആലപ്പുഴ ജില്ലാകളക്ടർക്ക് വിതരണം ചെയ്തിട്ടുള്ളതാണെന്നും ടി 580 പേർക്ക് 2022 ജൂലൈ വരെയുള്ള ആറുമാസത്തെ കുടിശ്ശിക വിതരണം ചെയ്യുന്നതിന് 1,74,00,000/- രൂപയുടെ (ഒരു കോടി എഴുപത്തിനാല് ലക്ഷം രൂപ മാത്രം) പ്രൊപ്പോസൽ ആലപ്പുഴ ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ടെന്നും ടി തുക ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിക്കാവുന്നതാണെന്നും പരാർശം (9) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചു.

3. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ബി.പി.എൽ. കുടുംബത്തിൽപ്പെട്ട ആലപ്പുഴ ജില്ലയിലെ 580 പേർക്ക് 2022 ജൂലൈ വരെയുള്ള ആറുമാസത്തെ

കുടിശ്ശിക വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1,74,00,000/- രൂപ (ഒരു കോടി എഴുപത്തിനാല് ലക്ഷം രൂപ മാത്രം) ആലപ്പുഴ ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

4. വിതരണത്തിനാവശ്യമായി വരുന്ന **1,74,00,000/- രൂപ (ഒരു കോടി എഴുപത്തിനാല് ലക്ഷം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും ആലപ്പുഴ ജില്ലാ കളക്ടറുടെ അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതും ജില്ലാകളക്ടർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINIRANI K
DEPUTY SECRETARY

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, ആലപ്പുഴ

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

റവന്യൂ (ഡി.ആർ.എഫ്.-എ/ഡി.ആർ.എഫ്.-ബി ) വകുപ്പുകൾക്ക്

ദുരന്തനിവാരണ വകുപ്പ്.

ഉത്തരവിൻ പ്രകാരം

**Signed by Bindumol K N**
**Date: 30-08-2022 16:46:29**
സെക്ഷൻ ഓഫീസർ